LIBRARY ARCHIVES Kerala Legislative Assembly

വടകര മണ്ഡലത്തിലെ മൃഗാശുപത്രികളിലെ ജീവനക്കാർ

131 [449] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ 3 മൃഗാശുപത്രികളിൽ കുറേക്കാലമായി ഒരേ ഡോക്ടർക്ക് ചാർജ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എല്ലാ മൃഗാശുപത്രികളിലും അടിയന്തിരമായി ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) എല്ലാ മൃഗാശുപത്രികളിലും ഇപ്പോൾ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചോറോട് 30-7-2004 മുതലും, ഏറാമലയിൽ 14-1-2002 മുതലും ഡോക്ടർമാർ ഉണ്ട്. ഓഞ്ചിയത്ത് 25-1-2005-ൽ താല്ക്കാലിക ഡോക്ടറെ നിയമിച്ചിട്ടുണ്ട്. മറ്റു ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

തൊടിയൂർ വട്ടക്കായലിൽ ഇടബണ്ടുകളുടെ അഭാവം

132 [450] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പുഞ്ച സ്കീമിൽപ്പെട്ട കൊല്ലം ജില്ലയിലെ ഏക പുഞ്ചയായ തൊടിയൂർ വട്ടക്കായലിൽ ഇടബണ്ടുകളുടെ അഭാവം മൂലം കർഷകർ ബുദ്ധിമുട്ട് നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പുഞ്ച പൂർണ്ണമായും കൃഷിയോഗ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പുഞ്ചയിലെ വെള്ളം മുഴുവൻ വറ്റിച്ചാൽ മാത്രമേ കൃഷി ചെയ്യാൻ കഴിയൂ എന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ 2002, 2003, 2004 വർഷങ്ങളിൽ വെള്ളം വറ്റിച്ചതിനുള്ള കൂലി നൽകാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഇ) 2000-ൽ ഡീ വാട്ടറിംഗ് ഇനത്തിൽ 79,369 രൂപാ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നബാർഡിന്റെ പരിഗണനയിൽ ഉള്ള "ലാന്റ് റിക്ലമേഷൻ ആന്റ് സലിനിറ്റി കൺട്രോൾ ഇൻ ദി കോസ്റ്റൽ ട്രാക്സ് ഓഫ് ആലപ്പുഴ ആന്റ് കൊല്ലം ഡിസ്ട്രിക്ട്" എന്ന പദ്ധതിയിൽ തൊടിയൂർ-വട്ടക്കായൽ ബണ്ട് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തികളും ഉൾപ്പെടുന്നുണ്ട്.

(സി) പാടശേഖരത്തിലെ മുഴുവൻ സ്ഥലത്തെ വെള്ളം വറ്റിച്ചെങ്കിൽ മാത്രമേ കുറച്ച് സ്ഥലത്തെങ്കിലും കൃഷി ചെയ്യാൻ കഴിയുകയുള്ളൂ എന്ന് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഡി) 2001-2002, 2002-2003 വർഷങ്ങളിൽ കൃഷിചെയ്ത വിസ്തീർണ്ണത്തിന് സബ്സിഡി നൽകുന്നതിന് തടസ്സമില്ലെന്നും 2003-2004-ൽ മട വീഴ്ച മൂലം കൃഷി നാശം സംഭവിച്ചതിനാൽ നഷ്ടപരിഹാരത്തിന് മാത്രമേ അർഹതയുള്ളുവെന്നും എന്നാൽ ഇപ്രകാരം അപേക്ഷകളൊന്നും ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ഇ) 1999-2000-ലെ സബ്സിഡി നൽകുന്നതിനായി കരുനാഗപ്പള്ളി തഹസീൽദാർ നൽകിയ 'ബി' ഫാറം അടിസ്ഥാനമായി സ്വീകരിക്കുകയും മേൽ കാലയളവുകളിലെ പമ്പിംഗ് കോൺട്രാക്ടർക്ക് 313.75 ഏക്കർ കൃഷി പ്രദേശത്തിന് മോട്ടോർ, വൈദ്യുതി ചാർജ്ജ് എന്നിവ കുറവ് ചെയ്ത് 74,383 രൂപയുടെ ബിൽ നൽകിയിട്ടുള്ളതുമാണ്.

കയർ മേഖലയുടെ വികസനത്തിനായി പദ്ധതികൾ

133 [451] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004, 2004-2005 സാമ്പത്തിക വർഷത്തിൽ എന്തു തുക വീതം ഈ ആവശ്യത്തിനായി നീക്കി വയ്ക്കുകയുണ്ടായി; ചെലവഴിച്ച തുക എത്ര;

(സി) ഓരോ പദ്ധതിയും നീക്കിവച്ചതുകയും, ചെലവഴിച്ച തുകയും, എത്ര യെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly